| 09-08-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ ആത്മാഭിമാനിയാകുമ്പോഴാണ് ജ്ഞാനം ധാരണ ചെയ്യുവാൻ കഴിയുക, ആത്മാഭിമാനിയായിരിക്കുന്ന കുട്ടികൾക്ക് മാത്രമെ ബാബയുടെ ഓർമ്മയുണ്ടാകൂ.**

**ചോദ്യം:** ഏതൊരു തെററുമൂലമാണ് മനുഷ്യർ ആത്മാവിനെ നിർലേപമെന്ന് പറഞ്ഞത്?
**ഉത്തരം:** ആത്മാവുതന്നേയാണ് പരമാത്മാവ് എന്ന് തെററിദ്ധരിച്ചതുമൂലമാണ് മനുഷ്യർ ആത്മാവിനെ നിർലേപമെന്ന് കരുതിയത്. എന്നാൽ നിർലേപമായിരിക്കുന്നത് ഒരു ശിവബാബ മാത്രമാണ്. സുഖദുഖങ്ങളും, കയ്പും മധുരവും ഒന്നും ആ പരമാത്മാവ് അനുഭവിക്കുന്നില്ല. ഇന്ന വസ്തു പുളിയാണെന്ന് ആത്മാവാണ് പറയുന്നത്. എന്നിൽ ഒരു വസ്തുവിൻേറയും പ്രഭാവം ചെലുത്തുന്നില്ലെന്ന് ബാബ പറയുന്നു. ഞാൻ ജ്ഞാനസാഗരനാകുന്നു, ആ ജ്ഞാനം തന്നെയാണ് നിങ്ങളെ കേൾപ്പിക്കുന്നത്.

**ഗീതം:** ഭാഗ്യമുണർത്തിക്കൊണ്ട് വന്നിരിക്കുന്നു .....

**ഓം ശാന്തി:** ആരാണിത് പറഞ്ഞത്? ഈ ഇന്ദ്രിയങ്ങൾ വഴി ആത്മാവാണ് പറഞ്ഞത്. ആത്മാവ് ശാന്തസ്വരൂപമാകുന്നു. ആത്മാവാകുന്ന എനിക്ക് ഈ ശരീരം ലഭിക്കുമ്പോൾ അത് ശബ്ദതലത്തിലേക്ക് വരുന്നു. ശരീരം വഴി അനവധി തരത്തിലുള്ള കർമ്മങ്ങൾ ചെയ്യുന്നു. ഇക്കാര്യങ്ങൾ ആദ്യം മനസ്സിലുറപ്പിക്കണം. മററു സത്സംഗങ്ങളിൽ മനുഷ്യരെ മനുഷ്യർ കേൾപ്പിക്കുന്നു. ദേഹധാരിയാണ് സംസാരിക്കുന്നത്. ഇന്ന മഹാത്മാവാണ് ആ സത്സംഗത്തിൽ സംസാരിക്കുന്നത് എന്ന് പറയുന്നു. എന്നാൽ ഇവിടെ അക്കാര്യങ്ങളൊന്നുമില്ല. നാം ആത്മാക്കളാണ് എന്ന് നിങ്ങൾ മനസ്സിലാക്കുന്നുവല്ലോ. ഇത് ശരീരരൂപത്തിലുള്ള ഇന്ദ്രിയങ്ങളാണ്. ആത്മാവ് പരമപിതാ പരമാത്മാവ് വഴി കേട്ടുകൊണ്ടിരിക്കുന്നു. ആ പരമപിതാ പരമാത്മാവിൻേറ പേര് ശിവനെന്നാണ്. ഈ സമയത്ത് കുട്ടികൾ കേൾക്കുന്നതിനുവേണ്ടിയാണ് ഇവിടെ ഇരിക്കുന്നത്. ആരാണ് കേൾപ്പിക്കുന്നത്? പരിധിയില്ലാത്ത അച്ഛൻ. പരമപിതാ പരമപിതാവെന്ന് പറയുമ്പോൾ ബുദ്ധി മുകളിലേക്ക് പോകുന്നു. ശിവം അർത്ഥം ബിന്ദു. ആത്മാവും ബിന്ദു. പരമാത്മാവും ബിന്ദു.. എന്നാൽ ആ ബിന്ദുവിനെ പരമപിതാ പരമാത്മാവെന്ന് പറയുന്നു. അത് അച്ഛനാകുന്നു. ആത്മാക്കൾ കുട്ടികളാകുന്നു. ആത്മാക്കളാകുന്ന നാം ഈ ശരീരം വഴി പരലോകപിതാവിൻേറ കുട്ടികളായിതീർന്നിരിക്കുന്നു എന്ന് മനസ്സിലാക്കണം. നിങ്ങൾ കുട്ടികൾക്ക് ആത്മാഭിമാനിയായിരിക്കണം. ബാക്കി എല്ലാ സ്ഥലത്തും മനുഷ്യർ മനുഷ്യരേയാണ് മനസ്സിലാക്കികൊടുക്കുന്നത്. ഗീതാപാരായണം ചെയ്യുന്നവർ ഗീതയിലെ ശ്ലോകങ്ങളോർത്തുകൊണ്ട് ഗീതയിലൂടെ ഭഗവാൻ ഇന്നിന്ന കാര്യങ്ങൾ പറഞ്ഞിരിക്കുന്നു എന്നു പറയും. ഭഗവാൻ സാകാരത്തിൽ ഗീത കേൾപ്പിച്ചു എന്നവർ മനസ്സിലാക്കുന്നു. ചിലരിരുന്ന് വേദശാസ്ത്രങ്ങൾ കേൾപ്പിക്കുന്നു. വേദങ്ങൾ മനുഷ്യർ തന്നേയാണ് ഉണ്ടാക്കിയത്. നിരാകാരനായ ഭഗവാൻ വേദമൊന്നും ഉണ്ടാക്കിയിട്ടില്ല. വ്യാസൻ മനുഷ്യനായിരുന്നു. സാകാരരൂപമുള്ളവനായിരുന്നു. ബാബ നിരാകാരനാകുന്നു.

ബാബ പറയുന്നു-ഞാനൊരിക്കലും ചെറുതും വലുതുമാകുന്നില്ല. നിങ്ങളാണ് ചെറുതും വലുതുമായിതീരുന്നത്. പരമപിതാ എന്നാണ് എന്നെ വിളിക്കുന്നത്. മനുഷ്യനാദ്യം ബാലകനായി പിന്നീട് വലുതായി പിതാവായിതീരുന്നു, വീണ്ടും ബാലകനായിതീരുന്നു. ഞാൻ സദാ പിതാവായിരിക്കുന്നു, ഒരിക്കലും ബാലകനായിതീരുന്നില്ല. എനിക്ക് ശിവനെന്ന ഒരേ ഒരു പേര് മാത്രമേയുള്ളു. നിങ്ങൾക്ക് 84 ജന്മമുള്ളതുകൊണ്ട് 84 പേര് വരുന്നു. ഞാൻ പരമപിതാ പരമാത്മാവാണെങ്കിലും ബിന്ദുരൂപമാകുന്നു. പൂജിക്കുവാൻ വേണ്ടി മാത്രം ഭക്തിമാർഗ്ഗത്തിലുള്ളവർ വലിയ രൂപമുണ്ടാക്കി വെച്ചിരിക്കുന്നു. ചിലരുടെ വലിയ ചിത്രങ്ങളുണ്ടാക്കിവെച്ചിരിക്കുന്നതായി നിങ്ങൾ കണ്ടിട്ടുണ്ടല്ലോ? ബുദ്ധൻേറ വലിയ ചിത്രമുണ്ടാക്കി വെച്ചിരിക്കുന്നു. ഇത്രയും വലിയ മനുഷ്യരൊന്നുമില്ല. ആദരവ് കൊടുക്കുകയാണ്, വലിയവരായിരുന്നു എന്ന് മനസ്സിലാക്കുന്നു. ബാബ ഉയർന്നതിലും ഉയർന്നവനാണ്. വലുതിലും വലുത് പരമപിതാ പരമാത്മാവാകുന്നു. എന്നെ ശിവനെന്നു വിളിക്കുന്നു എന്ന് ബാബ തൻേറ പരിചയം തരികയാണ്. ഞങ്ങൾ നിരാകാരനായ ശിവബാബയുടെ സന്മുഖത്തിൽ വന്നിരിക്കുന്നു എന്ന് കുട്ടികൾ മനസ്സിലാക്കേണ്ടതുണ്ട്. എന്നെ സദാ പരമപിതാ പരമാത്മാവെന്ന് വിളിക്കും. ഞാൻ മനുഷ്യസൃഷ്ടിയുടെ ബീജരൂപമാകുന്നു. പരമപിതാ പരമാത്മാവിരുന്ന് മനസ്സിലാക്കിതരികയാണ്. ആത്മാവിലാണ് ജ്ഞാനം അടങ്ങിയിരിക്കുന്നത്. പരമപിതാ പരമ ആത്മാ (പരമാത്മാ) ജ്ഞാനത്തിൻേറ സാഗരമാകുന്നു എന്ന് പാടപ്പെടുന്നു. നമുക്ക് ജ്ഞാനം കേൾപ്പിച്ചുകൊണ്ടിരിക്കുന്നു. ആദ്യമാദ്യം ആത്മാഭിമാനിയായിതീരണം. ദേഹാഭിമാനി ആകരുത്.

എന്നാൽ ഡ്രാമയനുസരിച്ച് നിങ്ങൾക്ക് ദേഹാഭിമാനിയായിത്തീരുകതന്നെ വേണം. ഇപ്പോൾ ബാബ വീണ്ടും ദേഹീഅഭിമാനിയാക്കികൊണ്ടിരിക്കുന്നു.

നിങ്ങളേവരും സന്താനങ്ങളാകുന്നു. ഈ ബ്രഹ്മാവും എന്റെ കുട്ടിയാകുന്നു. ആത്മാവ് പരമപിതാ പരമാത്മാവാകുന്ന മുത്തച്ഛനിൽ നിന്നും സമ്പത്തെടുക്കുന്നു. ലൗകികസംബന്ധത്തിൽ കേവലം ആൺമക്കൾക്കുമാത്രമെ സമ്പത്ത് ലഭിക്കുന്നുള്ളു, കന്യകമാർക്ക് ലഭിക്കുന്നില്ല. നിങ്ങളേവരും ആത്മാക്കളാകുന്നു. നിങ്ങൾക്കേവർക്കും സമ്പത്തിന്നവകാശമുണ്ട് എന്ന് പരിധിയില്ലാത്ത പിതാവ് പറയുന്നു. നിങ്ങൾ പരമപിതാ പരമാത്മാവാകുന്ന എന്റേതായിരുന്നു, ഇപ്പോഴും ആണ്. അല്ലയോ ദൈവപിതാവേ! ഓ പരമപിതാ പരമാത്മാവെ എന്നു വിളിക്കുന്നുവല്ലോ. മഹിമ ചെയ്യുന്നുവല്ലോ. ആരാണ് മഹിമ പാടുന്നത്? ആത്മാക്കളാണ് മഹിമ പാടുന്നത്. ആ ലൗകികപിതാവ് ശരീരത്തിന്റേയാണ്. ഇത് ആത്മാവിന്റെ അച്ഛനാണ്. ഓ പരമപിതാ പരമാത്മാവെ എന്നു ആത്മാവാണ് വിളിക്കുന്നത്. അവിനാശിപിതാവിനെ ഓർമ്മിച്ചു കൊണ്ടേ ആണ് വന്നത്, കാരണം രാവണരാജ്യത്തിൽ ദു:ഖമേ ദു:ഖമാണ്. രാവണരാജ്യം ആരംഭിച്ചതുമുതൽ ഓർമ്മിക്കുവാൻ തുടങ്ങുന്നു. ബാബയെ തന്നേയാണ് ഓർമ്മിക്കേണ്ടത്. കാരണം ബാബയിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത്. ഇവിടെ മനുഷ്യർ അനവധിപേരുടെ ഓർമ്മയിലിരിക്കുന്നു. ഗുരുക്കന്മാർ ആ ഒന്നിൻെറ ഓർമ്മ മറവിപ്പിക്കുന്നു. സർവ്വവ്യാപിയാണെങ്കിൽ ഈശ്വരീയ പിതാവ് എന്ന് ആരെ പറയും? കുട്ടികളെ ആത്മാഭിമാനിയായിതീരൂ, നടക്കുമ്പോഴും, ഇരിക്കുമ്പോഴും പിതാവാകുന്ന എന്നെ ഓർക്കൂ എന്ന് ബാബ അടിക്കടി പറയുന്നു. നാം ശ്രീമത് അനുസരിച്ചാണ് നടക്കേണ്ടത് എന്ന് മനസ്സിലാക്കണം. ഞാൻ ആത്മാവ് ബാബയുടെ ഓർമ്മയിൽ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നു. ഓർമ്മകൊണ്ടാണ് വികർമ്മം നശിക്കേണ്ടത്. ലക്ഷ്യം വളരെ ഉയർന്നതാണ്. അമ്മായിയുടെ വീട്ടിൽ ഇരിക്കുന്നതുപോലെയല്ല ഓർമ്മയുടെ കാര്യം. മനുഷ്യർ ബാബയുടെ പേര് തന്നെ ഗുപ്തമാക്കി . ഈ ശ്രീകൃഷ്ണൻ കുട്ടിയാകുന്നു. ഇത്രയും വലിയ പ്രാപ്തി ബാബ തന്നേയാണ് തന്നത്. ദേഹസഹിതം ദേഹത്തിൻെറ സർവ്വധർമ്മങ്ങളും മറക്കൂ എന്ന് ബാബ മനസ്സിലാക്കിതരുന്നു. പരമപിതാ പരമാത്മാവുവഴിയാണ് നാം ഈ അറിവ് പഠിച്ചുകൊണ്ടിരിക്കുന്നത് എന്നും മനസ്സിലാക്കണം. താൻ സ്വയം തന്നെ ആത്മാവാണെന്ന് പഠിപ്പിക്കുന്ന ഒരു സ്കൂളും ലോകത്തിലില്ല. ആദ്യം നാം സതോപ്രധാനമായിരുന്നു എന്നും നിങ്ങൾ അറിയുന്നുണ്ട്. പിന്നെ സതോ രജോ തമോ അവസ്ഥകളിൽ വരുന്നു. ആത്മാവിലാണ് അഴുക്ക് പിടിക്കുന്നത്. പരമാത്മാവാകുന്ന എന്നിൽ ഒരിക്കലും അഴുക്ക് പിടിക്കുന്നില്ല. ഞാൻ സദാ സത്യമായ സ്വർണ്ണമാകുന്നു. ആത്മാക്കളാകുന്ന നിങ്ങളേവരും ഈ സമയത്ത് ഇരുമ്പുയുഗത്തിലേതായി തീർന്നിരിക്കുന്നു. ഞാൻ ശിവബാബയിൽ നിന്നും എന്താണൊ കേൾക്കുന്നത് അത് മാത്രം കേൾപ്പിക്കുന്നു എന്ന് മമ്മ പറയുന്നു. ശിവബാബ സ്വയം തന്നെ ജ്ഞാനസാഗരനാകുന്നു. ഇത് വളരെയധികം മനസ്സിലാക്കേണ്ട കാര്യമാണ്. വീണ്ടും നാം ബാബയുടേതായിതീർന്നിരിക്കുന്നു. ബാബ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ബാബ വഴി നാം ജീവന്മുക്തരായിതീരുന്നു. ജീവന്മുക്തം അർത്ഥം ഈ ശരീരത്തിൽ തന്നെ വരണം, പക്ഷെ സുഖം അനുഭവിക്കും എന്നാണ്. മുക്തി എല്ലാവർക്കും ലഭിക്കും. എന്നാൽ ജീവന്മുക്തിയിൽ നമ്പറനുസരിച്ചാണ് വരുന്നത്. എല്ലാ ആത്മാക്കളും മുക്തരാകും. ദുഖത്തിൽ നിന്ന് പകുതി കല്പത്തോളം മുക്തരായിരിക്കും. നിങ്ങളെ ഞാൻ മുക്തരാക്കി ജീവന്മുക്തരാക്കിതീർക്കും എന്നു പറയുന്നു. പിന്നെ ചിലർ ഇത്ര ജന്മമെടുക്കുന്നു, ചിലർ അത്ര ജന്മമെടുക്കുന്നു ഏവരും ജീവന്മുക്തരായിതീരുന്നു. സദ്ഗതിദാതാവ് ഒരുവൻ മാത്രമാകുന്നു. ധർമ്മസ്ഥാപകരെല്ലാം തന്നെ പുനർജന്മമെടുത്ത് ഇപ്പോൾ തമോപ്രധാനമായിക്കഴിഞ്ഞിരിക്കുന്നു. ഞാൻ വന്നിട്ട് ഏവരേയും ഈ ദുഖത്തിൽ നിന്നും വിടുവിക്കുന്നു. അതുകൊണ്ട് എന്നെ ലിബറേറർ എന്നു വിളിക്കുന്നു. മുക്തി ജീവന്മുക്തിദാതാവ് എന്ന് പറയുന്നു. മുക്തി അർത്ഥം നമ്മുടെ വീടായ സൈലൻസ്ധാമത്തിൽ പോകണം. ബാബ നമ്മുടെ വീടായ ആ പരംധാമത്തിൽ നിന്നാണ് വരുന്നത്. അതിനെ പരലോകം എന്നു പറയുന്നു. നിങ്ങൾ ആ നിർവ്വാണധാമവും, സ്വർഗ്ഗധാമവും ഓർക്കുന്നുവല്ലോ. സ്വർഗ്ഗവും നരകവും ഇവിടേതന്നേയാണ്. ഈ സമയത്ത് ഇത് നരകമാണെന്ന് ഏവരും മനസ്സിലാക്കുന്നു. എത്രയോ ദുഖമാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഗരുഡപുരാണത്തിൽ വളരെയധികം കാര്യങ്ങൾ എഴുതിവെച്ചിട്ടുണ്ട്. ഭയം കൊണ്ട് മനുഷ്യർ പാപം ചെയ്യാതിരിക്കുന്നതിനുവേണ്ടിയാണ് അത്തരം കാര്യങ്ങൾ എഴുതിയുണ്ടാക്കുന്നത്. ദ്വാപരയുഗം മുതൽ ശാസ്ത്രമുണ്ടാക്കുവാൻ തുടങ്ങുന്നു. ഞാൻ വന്നിട്ട് ബ്രഹ്മാവ് വഴി ബ്രാഹ്മണധർമ്മം രചിക്കുന്നു. അത് വീണ്ടും സൂര്യവംശിയും ചന്ദ്രവംശിയും ആയിതീരുന്നു. ഈ രണ്ടു യുഗത്തിലും മററു ധർമ്മങ്ങൾ സ്ഥാപിക്കുവാൻ ആരും തന്നെ വരുന്നില്ല. പിന്നെ ഒന്നിനുപിറകെ ഒന്നായി ഏവരും നമ്പറനുസരിച്ച് വരുന്നു. ഈ ദേവീദേവതാധർമ്മം നഷ്ടപ്പെട്ടുപോകും പിന്നെ ദേവീ ദേവതാ എന്നു വിളിക്കപ്പെടുവാൻ കഴിയുകയില്ല. പതിതരെ എങ്ങിനെ ശ്രീ അഥവാ ശ്രേഷ്ഠർ എന്നു വിളിക്കും. ബാബയാണ് ശ്രേഷ്ഠരാക്കിതീർക്കുന്നത്. ദേവീദേവതകളേയാണ് ശ്രേഷ്ഠർ എന്നു വിളിക്കുന്നത്. അവരുടെ ചിത്രങ്ങളുണ്ടെങ്കിലും ദേവീദേവതാധർമ്മം എപ്പോഴാണ് ഉണ്ടായിരുന്നത് എന്നോ ആരാണ് അത് സ്ഥാപിച്ചത് എന്നോ ആരും ഒന്നും തന്നെ

മനസ്സിലാക്കുന്നില്ല.  സത്യയുഗത്തിൻെറ ആയുസ്സ് പോലും അവർ വലുതാക്കി വെച്ചിരിക്കുന്നു.
സ്വയം തന്നെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എന്ന് ബാബയിപ്പോൾ പറയുന്നു. കളി ഇപ്പോൾ പൂർത്തിയാകുന്നു. മുക്തിയുടേയും, ജീവന്മുക്തിയുടേയും വാതിലുകൾ തുറന്നുകൊണ്ടിരിക്കുന്നതായി ഇപ്പോൾ കാണുന്നില്ലേ? മുക്തിയുടേയും, ജീവന്മുക്തിയുടേയും ദാതാവ് ഒരുവനാണ്. ജഗത്മാതാ എന്ന  ടൈററിൽ പോലും ഇവിടെ ചിലർക്ക് കൊടുത്തിരിക്കുന്നു. വാസ്തവത്തിൽ ജഗദംബ ഇവർ തന്നെയാണ്. ജഗത്പിതാവും, ടീച്ചറും , സദ്ഗുരുവും ഒരാളായി വേറെ ആരുംതന്നെ ഈ ലോകത്തിലില്ല. മനുഷ്യർ തങ്ങൾക്ക്  വളരെയധികം പേരുകൾ വെക്കുന്നുവെങ്കിലും അവരൊന്നും അങ്ങിനെയല്ല. ആ ലക്ഷ്മീനാരായണൻ എവിടെ, തന്നിൽ ശ്രേഷ്ഠരാണെന്നുള്ള ടൈററിൽ  വെക്കുന്ന വികാരി മനുഷ്യരെവിടെ. മനുഷ്യർ എത്രയോ ബുദ്ധിശൂന്യരായി മാറിയിരിക്കുന്നു. ആദിസനാതന ദേവീദേവതാധർമ്മത്തെ മറന്ന് അവരുടെ ബിരുദങ്ങൾ തനിക്ക് ചാർത്തുന്നു. വാസ്തവത്തിൽ ഉയർന്നതിലും  ഉയർന്നവൻ ഒരുവൻ മാത്രമാകുന്നു. സദ്ഗതിദാതാവും ആ ഒരുവൻ മാത്രമാകുന്നു. രാമൻ എന്നു പറഞ്ഞാലും അത് ഒരേ ഒരു നിരാകാരൻ തന്നേയാണ്.
ഭാരതവാസികൾക്ക് തൻെറ ധർമ്മം ആര് എപ്പോൾ സ്ഥാപിച്ചു എന്നതിനെകുറിച്ചറിയില്ല എന്ന് ബാബ പറയുന്നു. ചിലർ ദേവിയെ ഓർക്കുന്നു, ചിലർ കൃഷ്ണനെ ഓർക്കുന്നു, ചിലർ ഗുരുവിനെ ഓർക്കുന്നു . ഗുരുവിന്റെ ഫോട്ടോയും വെക്കുന്നു. നിങ്ങളുടെ ചിത്രം കൊണ്ട് ഒരു കാര്യവുമില്ല. ആ ബാബക്ക് ഒരു ചിത്രവുമില്ല. ബാബ വിചിത്രനാകുന്നു. ആത്മാവും വിചിത്രമാകുന്നു. ബാബ വിചിത്രമായിരിക്കുന്നതുപോലെ കുട്ടികളും വിചിത്രമാകുന്നു. ആത്മാവാണ് കേൾക്കുന്നത്. ബാബ ഈ ശരീരം ലോൺ എടുത്തിരിക്കുകയാണ്. പ്രകൃതിയെ ആധാരമായെടുക്കാതെ ഞാനെങ്ങിനെ ജ്ഞാനം കേൾപ്പിക്കും? രാജയോഗം എങ്ങിനെ മനസ്സിലാക്കിതരും? എന്നു പറയുന്നു. നിരാകാരനേയാണ് ഭഗവാൻ എന്നു വിളിക്കുന്നത്. ഭഗവാന് പതിതലോകത്തിൽ വരേണ്ടിയിരിക്കുന്നു. ആലിലയിൽ സാഗരത്തിൽ കൃഷ്ണൻ വന്നു എന്ന് കാണിച്ചിരിക്കുന്നു, അങ്ങിനെയുള്ള കാര്യങ്ങളൊന്നുമില്ല. കൃഷ്ണൻ ലോകത്തിലെ ആദ്യത്തെ രാജകുമാരനാകുന്നു. അവിടെ മററു ധർമ്മങ്ങളൊന്നും ഉണ്ടായിരുന്നില്ല. അദ്വൈതരാജ്യമായിരുന്നു. പിന്നീട് ദ്വൈതമായിപോയി. പിന്നീട് അനവധി തരത്തിലുള്ള ധർമ്മം സ്ഥാപിച്ചു. ബാബ ഈ ശരീരത്തിൽ വന്ന് നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു എന്ന് കുട്ടികൾ മനസ്സിലാക്കണം. ഞാൻ അശരീരി ആകുന്നു. ഈ ശരീരം വഴി നിങ്ങൾക്ക് ഞാൻ ജ്ഞാനം തരുന്നു. ഞാൻ ജ്ഞാനസാഗരനാകുന്നു. ഈ കാര്യങ്ങളെല്ലാം ബാബയിരുന്ന് മനസ്സിലാക്കിതരുന്നു. വെറുതെ ഈശ്വരൻ അഥവാ പരമാത്മാവ് എന്നു പറയുമ്പോൾ ബാബയുമായുള്ള സംബന്ധം മറന്നുപോകുന്നു. പരമാത്മാവ് അച്ഛനാകുന്നു. അച്ഛനിൽ നിന്നും സമ്പത്ത് ലഭിക്കുന്നു.  ഇക്കാര്യവും മറക്കുന്നു. അത് നമ്മുടെ അച്ഛനാണ്, രചയിതാവാണ്. നാം അച്ഛന്റെ രചനകളാകുന്നു. ബാബയാണ് സൃഷ്ടിച്ചത്. പുരുഷൻ പരിധിയുള്ള ബ്രഹ്മാവാണെന്ന് ബാബ മനസ്സിലാക്കിതന്നിട്ടുണ്ട്, കുട്ടികളെ സൃഷ്ടിക്കുന്നു. ആദ്യം സ്ത്രീയെ ദത്തെടുക്കുന്നു, പിന്നീട് അവർ വഴി കുട്ടികളെ സൃഷ്ടിക്കുന്നു. തീർച്ചയായും സ്ത്രീ വേണമല്ലോ. അങ്ങ് മാതാവും പിതാവുമാണെന്ന് ശിവബാബയെക്കുറിച്ച് പാടുന്നു. കുട്ടികളെ ഈ ബ്രഹ്മാവു വഴി ദത്തെടുക്കുന്നു. ഈ ബ്രഹ്മാവ് മാതാവായിതീർന്നു. ബ്രഹ്മാവ് മാതാവായിമാറി, ആ ബ്രഹ്മാവു വഴി ദത്തെടുക്കുന്നു. അതുകൊണ്ട് നിങ്ങളെ ബ്രഹ്മാമുഖവംശാവലി എന്നു പറയും. ഈ ബ്രഹ്മാവു വഴി നിങ്ങൾ ബാബയുടേതായിതീർന്നു. ഇത് വളരെ അത്ഭുതകരമായ കാര്യമാണ്. ശാസ്ത്രങ്ങളിൽ ഈ വക കാര്യമൊന്നുമില്ല. എന്നെ ജ്ഞാനസാഗരനെന്നും സർവ്വതും അറിയുന്നവനെന്നും പറയുന്നു. പരമാത്മാവ് എല്ലാവരുടേയും ഉള്ളിലെ കാര്യങ്ങൾ അറിയുന്നവനാണെന്നും തോട്ട് റീഡർ(അന്തർയാമി) ആണെന്നും മനുഷ്യർ മനസ്സിലാക്കിവെച്ചിരിക്കുന്നു. എന്നാൽ  ഇത്ര പേരുടേയും തോട്ട് റീഡർ എങ്ങിനെ ആകാൻ കഴിയും. ഞാൻ മനുഷ്യസൃഷ്ടിയുടെ ബീജരൂപമാകുന്നു എന്ന് ബാബ പറയുന്നു. ഞാൻ ചൈതന്യമാണ്, സത്യമാണ്.  ആത്മാവും ചൈതന്യമാകുന്നു. ശരീരം അസത്യമാണ്. ഓരോ നിമിഷത്തിലും അത് മാറികൊണ്ടിരിക്കുന്നു. ആത്മാവ് ഒരിക്കലും മരിക്കുന്നില്ല. ആത്മാവാണ് ഈ അറിവ് ഗ്രഹിക്കുന്നത്. പരമപിതാ പരാമത്മാവായ ഞാൻ നിർലേപമാകുന്നു. സുഖദുഖങ്ങളുടേയൊ മധുരം, കയ്പ് തുടങ്ങിയവയുടെ പ്രഭാവം എന്നിൽ  ചെലുത്തുന്നില്ല. ഞാൻ ഇവയിൽ  നിന്നും നിർലേപമാകുന്നു. ഞാൻ ജ്ഞാനസാഗരനാകുന്നു. ആത്മാവു തന്നേയാണ് പരമാത്മാവ് എന്നും അതുകൊണ്ട് ആത്മാവ് നിർലേപമാണെന്നും മനുഷ്യർ പറയുന്നു. ഒരാൾ പറഞ്ഞു- പിന്നെ അത് മറ്റുള്ളവരും പിന്തുടരുന്നു. ഞാൻ നിർലേപമാകുന്നു എന്ന് ബാബ പറയുന്നു. എനിക്ക് എരിവോ പുളിയൊ ഒന്നും അനുഭവപ്പെടില്ല. ഇന്ന വസ്തുവിന്ന് പുളിയുണ്ടെന്ന് ഈ ബ്രഹ്മാവിന്റെ ആത്മാവ് പറയുന്നു. എന്നിൽ  മുഴുവൻ സൃഷ്ടിയുടേയും അറിവുണ്ട്. അത് ഞാൻ ആത്മാക്കളെ പഠിപ്പിക്കുന്നു. ആത്മാവാകുന്ന ഞാൻ പരമാത്മാവിൽ നിന്നും കേട്ടുകൊണ്ടിരിക്കുന്നു എന്ന് നിങ്ങൾ ഓരോരുത്തരും മനസ്സിലാക്കേണ്ടതുണ്ട്. ഇവിടെ ഭഗവാൻ വീണ്ടും പറഞ്ഞുകൊണ്ടിരിക്കുന്നു. രചയിതാവായ ഈശ്വരൻ ഒന്നേയുള്ളു എന്ന് മനസ്സിലാക്കണം.
ആദ്യമാദ്യമായുള്ള പ്രധാന കാര്യം ഭാരതത്തിൻേറയാണ്. ഭാരതത്തെ അവിനാശിഖണ്ഡമെന്ന് പറയുന്നു.

പതിതപാവനനായ ബാബയുടെ ജന്മസ്ഥലമാണ് ഭാരതം. ഇത് വളരെ ഉയർന്ന ഖണ്ഡമാകുന്നു. ഇവിടെയാണ് ലക്ഷ്മീനാരായണൻെറ രാജധാനി ഉണ്ടായിരിക്കുക. ബാബ വീണ്ടും ദേവീദേവതാ ധർമ്മത്തിന്റെ തൈചെടികൾ നട്ടുകൊണ്ടിരിക്കുകയാണ് എന്ന് നിങ്ങൾ അറിയുന്നുവല്ലോ. മുൻപ് ഈ ധർമ്മത്തിലുണ്ടായിരുന്നവർ തന്നെ വന്ന് ഇപ്പോൾ ഇവിടെ ഈ സമ്പത്തെടുക്കും. ഇതിനേയാണ് തൈച്ചെടി എന്നു പറയുന്നത്. ആത്മാഭിമാനിയായിതീരണമെന്ന് ബാബ മനസ്സിലാക്കിതന്നു. ബാബ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. നാം ഈ കാതുകൾ വഴി കേൾക്കുന്നു. പഠിക്കുന്നു. പഠിപ്പിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) ചിത്രത്തെ മറന്ന് വിചിത്രരായി വിചിത്രനായ ബാബയെ ഓർക്കണം. ദേഹസഹിതം ദേഹത്തിൻെറ സർവ്വസംബന്ധങ്ങളും ബുദ്ധികൊണ്ട് മറന്ന് ദേഹീഅഭിമാനിയായിരിക്കുന്നതിനുള്ള അഭ്യാസം ചെയ്യണം.

2) ദേവീദേവതാ ധർമ്മത്തിന്റെ തൈകൾ നട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തീർച്ചയായും പവിത്രമായിതീരണം. ദൈവീകഗുണങ്ങളെ ധാരണ ചെയ്യണം.

## വരദാനം:- അലൗകിക ജീവിതത്തിന്റെ സ്മൃതിയിലൂടെ വൃത്തി, സ്മൃതി, ദൃഷ്ടിയുടെ പരിവർത്തനം ചെയ്യുന്ന മർജീവയായി ഭവിക്കൂ

ബ്രാഹ്മണ ജീവിതത്തെ അലൗകിക ജീവിതമെന്നാണ് പറയുന്നത്, അലൗകികത്തിന്റെ അർത്ഥമാണ് ഈ ലോകത്തെ പോലെയല്ല. ദൃഷ്ടി, സ്മൃതി, വൃത്തി എല്ലാത്തിലും പരിവർത്തനമുണ്ടായിരിക്കണം. സദാ ആത്മാ സഹോദര-സഹോദര സ്മൃതി അല്ലെങ്കിൽ സഹോദരീ-സഹോദരന്റെ സ്മൃതി ഉണ്ടായിരിക്കണം. നമ്മളെല്ലാവരും പരസ്പരം ഒരു കുടുംബത്തിലേതാണ് - ഈ മനോഭാവമുണ്ടായിരിക്കണം ഒപ്പം ദൃഷ്ടിയിലൂടെയും ആത്മാവിനെ കാണൂ, ശരീരത്തെയല്ല - അപ്പോൾ പറയും മർജീവ. ഇങ്ങനെയുള്ള ശ്രേഷ്ഠ ജീവിതം ലഭിച്ചിട്ടുണ്ടെങ്കിൽ പഴയ ജീവിതം ഓർമ്മ വരികയില്ല.

## സ്ലോഗൻ:- സദാ ശുദ്ധ ഫീലിംങ്ങിൽ കഴിയൂ എങ്കിൽ അശുദ്ധ ഫീലിംങ്ങിന്റെ ഫ്ളൂ സമീപത്ത് പോലും വരികയില്ല.